# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 30** **April 2016** **No.1**

# എഡിറ്റോറിയൽ

പല കാരണങ്ങളാൽ ആളുകളുടെ ആത്മീയത നഷ്ടപ്പെട്ടുപോകും. ദൈവം മനുഷ്യർക്കായി പത്തു കൽപനകൾ നൽകിയപ്പോൾ ആദ്യത്തെ കൽപന പറയുന്നത്, "ഞാൻ അല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്" അതിനോട് ചേർന്നു തന്നെ പറഞ്ഞത്, "ഒരു വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുത്" (പുറപ്പാട് 20:3, 4). ജീവനുള്ള ദൈവം ആരാണെന്ന് ബോധ്യപ്പെടുത്തുവാൻ അവൻ ധാരാളം അത്ഭുതങ്ങൾ ജനങ്ങൾ കാൺകെ ചെയ്തിട്ടുണ്ട്. ദൈവത്തിൽനിന്നും അകന്നുപോകുമ്പോഴാണ് ആളുകൾ പലതിനോടും പറ്റിച്ചേരുന്നത്. ഇന്ന് ആളുകൾ പല ദേവന്മാരിലും പല ദൈവങ്ങളിലും വിശ്വസിക്കുന്നു എന്നു പറഞ്ഞു കേൾക്കുമ്പോൾ നമുക്ക് ആശ്ചര്യമുണ്ടാകും. അജ്ഞതയാലാണ് ആളുകൾ ഇത്തരം വിശ്വാസങ്ങളിലേക്ക് തിരിയുന്നത്. ഏകവിശ്വാസം ത്യജിക്കുന്നവർക്ക് മാത്രമെ ബഹുവിശ്വാസങ്ങൾക്ക് അധീനരാകുവാൻ കഴിയുകയുള്ളു. സത്യദൈവത്തിലുള്ള വിശ്വാസം ഉറപ്പില്ലാതെ വരുമ്പോൾ ആളുകൾ മറ്റു വിശ്വാസങ്ങളിൽ ആശ്രയിക്കും. സംശയമോ അവിശ്വാസമോ ആണ് കാരണം.

യെഹൂദജനത്തോട് ദൈവം ആജ്ഞാപിച്ചിരുന്നത്, നിന്റെ ജനത്തിനിടയിൽനിന്നു മാത്രമെ വിവാഹത്തിന് എടുക്കുകയും വിവാഹത്തിന് കൊടുക്കുകയും ചെയ്യാവു എന്നാണ്. അതിന്റെ മുഖ്യമായ കാരണം പുറത്തുള്ളവർ അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരാണ്. അവരെ വിവാഹം കഴിച്ചാൽ, അവർ ക്ഷണിക്കുന്ന കാര്യങ്ങൾക്ക് പോകേണ്ടി

വരും. ഒരുപക്ഷെ അവർ നിങ്ങളെ അവരുടെ ഉൽസവത്തിനായിരിക്കും ആദ്യം ക്ഷണിക്കുക. പിന്നെ അവരുടെ ബലിയർപ്പിത ഭക്ഷണം കഴിക്കുവാൻ ആവശ്യപ്പെടും. ഉൽസവം കാണുമ്പോൾ കൗതുകകരമായിരിക്കും. ഭക്ഷണം കഴിക്കുമ്പോൾ അവ രുചികരമായിരിക്കും. അങ്ങനെ പടിപടിയായി അവരുടെ മ്ലേച്ഛമായ ആചാരങ്ങൾക്കായി ക്ഷണിക്കും. ഇങ്ങനെ അവസാനം അവരുടെ ദേവന്മാരെയും ദേവിമാരെയും നമസ്ക്കരിക്കുന്ന സ്ഥിതിയിലേക്ക് മാറും. അത് നേരിട്ട് ദൈവകൽപന നിഷേധിക്കുന്ന പ്രവൃത്തിയാണ്. ദൈവത്താൽ അഭിഷിക്തനായ ശലോമോൻ വിവിധ രാജ്യങ്ങളിൽനിന്ന് ഭാര്യമാരെ എടുത്തപ്പോൾ അയാൾക്ക് അവരുടെ ദേവന്മാരെ നമസ്ക്കരിക്കുന്ന സാഹചര്യത്തിലേക്ക് വഴുതിപ്പോയി. ശരീരത്തെ ദണ്ഡിപ്പിക്കൽ, അഗ്നിപ്രവേശനം ചെയ്യിക്കൽ, ഉപദ്രവിക്കൽ, വ്യഭിചാരം തുടങ്ങി ധാരാളം മ്ലേച്ഛമായ പ്രവൃത്തികൾ ദേവന്മാരെ പ്രീതിപ്പെടുത്തുവാനായി ചെയ്യുന്നു.

തെറ്റായ ദൈവങ്ങളെ മനുഷ്യർ ഉണ്ടാക്കി അവയെ വീണു നമസ്ക്കരിക്കും. പൊന്ന്, വെള്ളി, ഇരുമ്പ്, കല്ല് എന്നിവ കൊണ്ടെല്ലാം ആളുകൾ ദൈവങ്ങളെ ഉണ്ടാക്കുന്നു. അവയെ ആളുകൾ ചുമന്നു കൊണ്ടുപോകുന്നത് അവർക്ക് ഭാരമായി തീരുന്നു. അവക്കൊന്നിനും സ്വയമായി ചലിക്കുവാനുള്ള ശേഷിയില്ല എന്ന് സാമാന്യബുദ്ധിയുള്ള ഏതൊരാൾക്കും അറിയാം. യിസ്രായേൽമക്കളെ ഫെലിസ്ത്യർ പരാജയപ്പെടുത്തിയപ്പോൾ അവർ ദൈവത്തിന്റെ നിയമപെട്ടകത്തെയും കൊണ്ടുപോയി. അവർ കൊണ്ടുപോയി അത് അവരുടെ ദേവന്റെ ബിംബത്തിന്റെ അരികെ വെച്ചു. പിറ്റെ ദിവസം അവർ നോക്കിയപ്പോൾ, അവരുടെ ദേവൻ മറിഞ്ഞു നിയമപെട്ടകത്തിന്റെ മുമ്പിൽ കവിണ്ണു വീണു കിടക്കുന്നതു കണ്ടു. അവർ അതിനെ എടുത്ത് വീണ്ടും യഹോവയുടെ നിയമപെട്ടകത്തിന് അടുത്തു കൊണ്ടുവെച്ചു. എങ്കിലും അതിനെ എടുത്ത് അവർ നിവർത്തു വെച്ചു. പിറ്റെന്നാൾ നേരം വെളുത്തപ്പോൾ അവർ ചെന്നു നോക്കി. പക്ഷെ അവരുടെ ദേവന്റെ ബിംബം കൈകാലുകൾ വേർപെട്ട് ഉടൽ വേറെയായി കാണപ്പെട്ടു. അപ്പോൾ അവർക്ക് ഇത് യഹോവയാൽ സംഭവിച്ചതാണെന്ന് മനസിലാക്കി. അങ്ങനെ പ്രസവിച്ച പശുക്കളെ കിടാങ്ങളിൽനിന്നു മാറ്റി പുതിയ വണ്ടിയിൽ പൂട്ടി യിസ്രായേലിലേക്ക് അയച്ചു. ആ പശുക്കൾ ഇടത്തോട്ടോ വലത്തോട്ടോ മാറാതെ നേരെ അത് ഇരിക്കേണ്ട സ്ഥാനത്തേക്ക് തന്നെ പോയി. അങ്ങനെ ദൈവകോപം അവരിൽനിന്നു നീങ്ങി പോയി. ദൈവകൽപനയിലേക്ക് തിരിച്ചു വന്നാൽ ദൈവം അവരുടെ പാപങ്ങൾ ക്ഷമിച്ചുകൊടുക്കും.

# മാതൃക ആകൽ

## *J.C.* ചോട്ട്

അനുകരിക്കാവുന്നതിനെ നമുക്ക് മാതൃകയായി കണക്കാക്കാം. ഞാനും നിങ്ങളും വസിക്കുന്ന സമൂഹത്തിൽ നാം അറിഞ്ഞോ അറിയാതെയോ ഓരോ മാതൃകയായി തീരുന്നു എന്നു പറയാം. നല്ലതായാലും മോശമായാലും മാതൃക മാതൃക തന്നെയാണ്. നല്ലതിനെ വിവേചിച്ച് സ്വീകരിക്കുകയും മോശമായതിനെ നാം തൃജിക്കുകയുമാണ് ചെയ്യുന്നത്. ഉദാഹരണമെന്നു പറഞ്ഞാൽ ജീവിതത്തിന്റെ രൂപരേഖയാണ്. മറ്റുള്ളവർക്ക് നമ്മുടെ ജീവിതം കാണുവാൻ കഴിയും. നമ്മുടെ സംസാരം കേൾക്കുവാനും നമ്മുടെ സ്വഭാവവും പ്രവർത്തനവും വീക്ഷിക്കുവാനും അപരനു കഴിയും. ആളുകളോടും വസ്തുക്കളോടും നമുക്കുള്ള ബന്ധം കാണുന്നവർ ശ്രദ്ധിക്കും. മറ്റുള്ളവരോടുള്ള നമ്മുടെ പ്രതികരണവും ബന്ധവും ആളുകൾ മനസിലാക്കും. അവർ കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങളോട് പ്രതികരിക്കുകയും അഭിപ്രായം പറയുകയും ചെയ്യും. അതു നല്ലതായാലും മോശമായതായാലും ശരിയാണ്.

നാം ചെയ്യുന്ന ചില കാര്യങ്ങൾ മറ്റുള്ളവരെ സ്വാധീനിക്കത്തക്കതായിരിക്കും. അതു കാണുമ്പോഴാണ് നമ്മുടെ ജീവിതത്തിന്റെ പ്രാധാന്യം നമുക്ക് മനസിലാകുന്നത്. ഒരാൾ മറ്റൊരാൾക്ക് ഉപകാരപ്രദമായി തീരണം. അപ്പോഴാണ് ജീവിതം അർത്ഥവത്താകുന്നത്. ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ ചിലർ നല്ലതിനെ അനുകരിക്കും. വേറെ ചിലർ മോശമായതിനെ അനുകരിക്കും. നല്ല ശീലങ്ങളും മോശമായ ശീലങ്ങളും മനുഷ്യരിൽ നമുക്ക് കാണുവാൻ കഴിയും. ആരുമായിട്ടാണ് നമ്മുടെ സംസർഗം എന്നത് പ്രാധാന്യമുള്ള കാര്യമാണ്. മോശമായ ആളുകളുമായി കൂട്ടുകൂടിയാൽ നമ്മുടെ സദാചാരം കെട്ടുപോകും എന്നത് വാസ്തവമാണ്. മനുഷ്യമനസ് എപ്പോഴാണ് വ്യതിചലിക്കുക എന്നു പറയുവാൻ സാധ്യമല്ല. സാഹചര്യമാണ് ആളുകളെ പലകാര്യങ്ങളിലും വീഴ്ത്തുന്നത്. അതായത് അനുകൂല സാഹചര്യങ്ങൾ അവരെ ആകർഷിക്കും. നമ്മുടെ ജീവിതം മാതൃകയുള്ളതായി തീരണമെങ്കിൽ നാം ആരെയാണ് വാസ്തവത്തിൽ മാതൃകയാക്കേണ്ടത്? നമുക്ക് അനുകരിക്കാവുന്ന യഥാർത്ഥ

മാതൃക ആരാണ്? തിരുവെഴുത്തുകൾ പരിശോധിച്ചാൽ നമുക്ക് എല്ലാവർക്കും യോജിക്കാവുന്ന ഏറ്റവും നല്ല മാതൃകയാണ് യേശുക്രിസ്തു എന്നു കാണാം. അവന്റെ വാക്കുകളും സ്വഭാവവും പ്രവൃത്തിയുമെല്ലാം ഉന്നതമായ നിലവാരം പുലർത്തുന്നതാണ്. അതേ സമയം അവ ഒന്നും അമാനുഷികമല്ല എന്നതാണ് പ്രത്യേകത. തന്നെയുമല്ല അവ തികച്ചും പ്രായോഗികവുമാണ്. എന്നാൽ പഴയനിയമത്തിലും ധാരാളം നല്ല വ്യക്തിത്വത്തോടെ ജീവിച്ചവരെ നമുക്ക് കാണുവാൻ കഴിയും. അബ്രഹാം വിശ്വാസികളുടെ പിതാവായി ഇന്നും വിശ്വാസികൾക്ക് അവൻ ചെയ്ത പ്രവൃത്തികൾ മാതൃകയാക്കാവുന്നതാണ്. ദൈവവാഗ്ദാനങ്ങളെ അവൻ സംശയിക്കാതെ വിശ്വസിക്കുകയും ദൈവം അവനോട് ആവശ്യപ്പെട്ടത് അങ്ങനെ തന്നെ അനുസരിക്കുകയും ചെയ്തു.

നോഹയും ദൈവത്തെ അനുസരിക്കുന്ന കാര്യത്തിൽ മാതൃകയാക്കാവുന്നതാണ്. മഴയില്ലാത്ത കാലത്ത് ജലപ്രളയം വരുമെന്ന് ദൈവം അരുളിച്ചെയ്തപ്പോൾ അവൻ അത് പൂർണ്ണമായും വിശ്വസിച്ചു. ദൈവം കൊടുത്ത അളവനുസരിച്ച് ഗോഫർ തടികൊണ്ട് പെട്ടകം ഉണ്ടാക്കുവാൻ കൽപിച്ചപ്പോൾ അവൻ അങ്ങനെ തന്നെ ചെയ്തു. അതിനു വ്യത്യാസം വരുത്തിയില്ല. പിതാക്കന്മാരുടെ കാലത്ത് ജീവിച്ച യോസേഫ് പാപത്തെ വിട്ടോടിയ ജീവിതത്തിന് മാതൃകയാണ്. തന്റെ സ്വന്ത സഹോദരന്മാർ തനിക്കെതിരെ ചെയ്ത ദുഷ്ക്രിയകൾക്കൊന്നും അവൻ പ്രതികാരം ചെയ്തില്ല. അവർ ക്ഷാമത്തെ നേരിട്ടപ്പോൾ സഹായാഭ്യർത്ഥനയുമായി ചെന്നപ്പോൾ അവൻ അവരെ നിരാശപ്പെടുത്തിയില്ല. ഒരു കാര്യത്തിലും അവൻ തന്റെ ധാർമ്മികതയോ, ദൈവഭക്തിയോ, ദൈവത്തോടുള്ള ബന്ധമോ നഷ്ടപ്പെടുത്തുവാൻ അവൻ തയ്യാറായില്ല. അവന്നു നേരിട്ട പരീക്ഷണങ്ങളിലെല്ലാം അവൻ ജയിക്കുവാൻ കാരണം അവൻ തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നതുകൊണ്ടാണ്.

പിതാക്കന്മാരുടെ കാലയളവിനുശേഷം ദൈവം പ്രവാചകന്മാരിൽകൂടെയായിരുന്നു തന്റെ ഇഷ്ടം വെളിപ്പെടുത്തിയത്. ദൈവത്തിന്റെ പ്രവാചകന്മാരെ കുറിച്ച് യാക്കോബ് രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കുക, "കർത്താവിന്റെ നാമത്തിൽ സംസാരിച്ച പ്രവാടകന്മാരെ കഷ്ടാനുഭവത്തിന്നും ദീർഘക്ഷമക്കും ദൃഷ്ടാന്തമായി വിചാരിച്ചുകൊൾവിൻ" (യാക്കോബ് 5:10). യേശു തന്റെ ശിഷ്യന്മാ

രുടെ കാലുകൾ കഴുകിയശേഷം ഇപ്രകാരം പറഞ്ഞു, "ഞാൻ നിങ്ങൾക്ക് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്ന് ഞാൻ നിങ്ങൾക്ക് ഒരു ദൃഷ്ടാന്തം തന്നിരിക്കുന്നു" (യോഹന്നാൻ 13:15). ഗുരുവായ കർത്താവ് തന്റെ ശിഷ്യന്മാരെ എളിമ കാണിക്കുവാൻ അവൻ അവരുടെ കാലുകൾ കഴുകുകയായിരുന്നു. "അതിന്നായി ട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടുകളെ പിൻപറ്റു വാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു" (1 പത്രൊസ് 2:21).

ദൈവം ആയിരുന്ന ക്രിസ്തു ഈ ഭൂമിയിൽ വന്ന് മനുഷ്യനായി ജീവിച്ചു. എല്ലാ രീതിയിലും പരീക്ഷിക്കപ്പെട്ടു എങ്കിലും അവൻ പാപം ചെയ്തില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഇല്ലായിരുന്നു. എബ്രാ യലേഖകൻ അവനെ കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്, "നമു ക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത്" (എബ്രായർ 4:15). ക്രിസ്തു ദൈവത്തെ സേവിച്ചത് ദൈവിക സ്വഭാവത്താലായിരുന്നു. വിശുദ്ധി, താഴ്മ, വിനയം, സൗമ്യത, ഇന്ദ്രിയജയം, മനസലിവ്, സ്നേഹം തുടങ്ങിയ സൽഗുണങ്ങളാലായിരുന്നു. ഏതൊരു സാഹ ചര്യത്തെയും നേരിടുവാൻ നാം എടുക്കേണ്ടത് ക്രിസ്തുവിന്റെ മാതൃ കയാണ്. തികവുള്ള മാതൃകയാണ് യേശു നമുക്ക് കാണിച്ചുതന്നി രിക്കുന്നത്. ക്രിസ്ത്യാനിയായി തീരുന്നത് ഒരു പ്രത്യേകമായ ഉദ്ദേ ശത്തിനാണ്. ക്രിസ്തുവിനു യോഗ്യമായി നടക്കുക എന്നാൽ അവനെ പോലെ ജീവിക്കുക എന്നാണ് അർത്ഥം. ക്രിസ്ത്യാനികളായി തീർന്ന വർ ഒന്നുകിൽ മറ്റുള്ളവരെ ക്രിസ്ത്യാനികളാക്കും അല്ലെങ്കിൽ ക്രിസ്തുവിൽനിന്നും അകറ്റും.

ഞാൻ ക്രിസ്ത്യാനി ആണെന്ന് പറയാതെ തന്നെ ആളുകൾ അത് മനസിലാക്കണം. നാം പ്രസംഗിക്കുന്ന മാർഗം നമ്മുടെ ജീവിതത്തിൽ ഉണ്ടാകണം എന്നർത്ഥം. അങ്ങനെയാണെങ്കിൽ നാം മറ്റുള്ളവരെ സ്വാധീനിക്കും. അതാണ് ക്രിസ്ത്യാനിത്വത്തിന്റെ ശക്തി. നമ്മുടെ ദൈനന്ദിന ജീവിതത്തിൽ നാം അപ്രകാരം ജീവിക്കുന്നുണ്ടോ എന്നു വചനം മുഖാന്തരം ശോധന ചെയ്തുകൊണ്ടിരിക്കണം. നമ്മെ കാര്യ മായി വീക്ഷിക്കുന്ന ഒരു സദസ് എല്ലായ്പോഴും നമുക്ക് ചുറ്റും ഉണ്ടെന്ന് നാം ഓർക്കണം. അവരിൽ നമ്മുടെ മക്കൾ മുതൽ,

അയൽക്കാർ, സ്നേഹിതർ, ബന്ധുക്കൾ അപരിചിതർ എന്നിവരെല്ലാം കാണും. ക്രിസ്ത്യാനികളായ നമ്മെ കുറിച്ച് അവരുടെ വിലയിരുത്തൽ എന്താണ്? നാം സത്യസന്ധരും ആത്മാർത്ഥതയുള്ളവരും ആണെന്ന് അവർ പറയുമോ? അതോ നാം കാപട്യമുള്ള, വ്യാജവും നാട്യവുമുള്ള പ്രഹസനക്കാർ എന്നു പറയുമോ? ചില ക്രിസ്ത്യാനികൾ ആരാധന മുടക്കിക്കൊണ്ടിരിക്കുന്നു. മറ്റുചിലർ ആരാധനക്ക് കുട്ടികളെ കൊണ്ടുവരാതിരിക്കുന്നു. വേറെ ചിലർക്ക് അവരുടേതായ കാര്യങ്ങൾക്കെല്ലാം പണമുണ്ടാകും എന്നാൽ കർത്താവിന്റെ സഭാപ്രവർത്തനങ്ങൾക്ക് നൽകുവാൻ അവർക്ക് പണമില്ല എന്ന ഭാവത്തിലാണ് പെരുമാറുന്നത്.

ഇതെല്ലാം കണ്ടുപഠിക്കുന്ന നിങ്ങളുടെ മക്കളും ബന്ധുക്കളും സ്നേഹിതരും ദൈവത്തോട് ബന്ധം പുലർത്തുവാൻ ശ്രമിക്കുമെന്ന് കരുതുന്നുണ്ടോ? ഇല്ല എന്നു നിസംശയം പറയാം. കാരണം നിങ്ങൾ അവർക്ക് മോശമായ മാതൃകയാണ് കാണിച്ചുകൊടുക്കുന്നത്. നിങ്ങൾ ചെയ്യുന്നതിനെ കുറിച്ച് ഗൗരവമായി ചിന്തിക്കുക. അധികം താമസിക്കുന്നതിനുമുൻപ് ആവശ്യമായ മാറ്റങ്ങൾ വരുത്തുക. യുവാവായിരുന്ന തിമൊഥെയൊസിനെ അപ്പൊസ്തലനായ പൗലൊസ് പ്രബോധിപ്പിക്കുന്നത് ശ്രദ്ധിക്കുക, "ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്; വാക്കിലും, നടപ്പിലും, സ്നേഹത്തിലും, വിശ്വാസത്തിലും, മാതൃകയായിരിക്ക" (1 തിമൊഥെയൊസ് 4:12). യുവത്വത്തിൽ തെറ്റിലേക്ക് വഴുതി വീഴുവാനുള്ള സാധ്യത കൂടുതലാണ്. ജീവിതത്തെ ക്രമപ്പെടുത്തി കുറ്റവിമുക്തമായി സൂക്ഷിക്കയും സമൂഹമദ്ധ്യേ നല്ല ഒരു ജീവിത മാതൃക കാണിച്ചു കൊടുക്കയും വേണം. ക്രിസ്തീയ ജീവിതത്തിന്റെ ആരംഭം മുതൽ മരണം വരെ ദൈവത്തോടുള്ള വിശ്വസ്തത സൂക്ഷിക്കണം.

ആകയാൽ സുവിശേഷ പ്രവർത്തനം നടത്തുന്നവരും പ്രസംഗിച്ചുകൊണ്ടിരിക്കുന്നവരും അവരുടെ പ്രസംഗവും, സ്നേഹപ്രകടനവും, മറ്റുള്ളവരോടുള്ള ഇടപെടൽ, താഴ്മ, വിശ്വാസം എങ്ങനെയാണ് ഇരിക്കുന്നതെന്ന് നിരന്തരം ശോധന ചെയ്യുന്നത് വളരെ പ്രയോജനം ചെയ്യും. ദൈവിക ഗുണങ്ങൾ നാം തന്നെ നമ്മിൽ വളർത്തി എടുക്കണം. തിരുവെഴുത്ത് തത്വമായിരിക്കണം നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം. നമ്മുടെ സ്വന്തവീട്ടിൽ നമുക്ക് മാതൃക സൂക്ഷിപ്പാൻ കഴിയുന്നില്ലെങ്കിൽ നമുക്ക് എങ്ങനെ മറ്റുള്ളവർക്ക്

മാതൃയാകാൻ കഴിയും? നാം ജീവിക്കുന്ന നല്ല മാതൃകക്ക് രണ്ട് ഫലങ്ങളാണുള്ളത്. ഒന്ന് അത് ആളുകൾ അനുകരിക്കും, രണ്ട്, അതിന് ദൈവത്തിൽനിന്നു അനുഗ്രഹങ്ങൾ ലഭിക്കും. ക്രിസ്തീയ ജീവിതം പോലെ മറ്റൊരു ജീവിതമില്ല. യേശുക്രിസ്തു ഈ ലോകത്തിൽ ആയിരുന്നപ്പോൾ അവൻ ലോകത്തിന്റെ വെളിച്ചമാണെന്ന് പറഞ്ഞു (യോഹന്നാൻ 8:12). തന്റെ ശിഷ്യന്മാരും ലോകത്തിന്ന് വെളിച്ചമാണെന്ന് കർത്താവ് അരുളിച്ചെയ്തു.

ലോകത്ത് ജീവിക്കുന്നവർ അന്ധകാരത്തിലാണ്, അവർക്ക് പ്രകാശം ആവശ്യമാണ്. അത് ലഭിക്കുന്നത് യഥാർത്ഥ ക്രിസ്ത്യാനികളിൽ നിന്നാണ്. ക്രിസ്ത്യാനി തണ്ടിന്മേൽ കൊളുത്തി വെച്ച വിളക്കു പോലെയും മലമേൽ ശോഭിക്കുന്ന പട്ടണം പോലെയും ആകണം. നാം യേശുക്രിസ്തുവിനേയും അവന്റെ മാതൃകയെയും പിൻപറ്റുമ്പോൾ അത് മറ്റുള്ളവർക്ക് ഗുണപ്രദമായിരിക്കും. ക്രിസ്ത്യാനി ക്രിസ്ത്യാനിയാകാത്തവർക്ക് ക്രിസ്തുവിനെ കാണിച്ചുകൊടുക്കണം. പാപത്തെ സ്നേഹിക്കുന്നവരും, മോശമായ മനോഭാവമുള്ളവരും മറഞ്ഞിരിപ്പാൻ ആഗ്രഹിക്കുന്നവരാണ്. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്ന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5:6). ക്രിസ്ത്യാനികൾ ലോകത്തിന്റെ ഉപ്പായി മാറണം. ഉപ്പ് സാധനങ്ങൾ കേടുവരാതിരിക്കുന്നതിനും കറികൾക്ക് രുചി ലഭിക്കുവാനുമായി ഉപയോഗിക്കുന്നു. നമ്മുടെ വാക്കുകൾ ഉപ്പിനാൽ രുചി വരുത്തുന്നതും കൃപയോടുകൂടിയതുമായിരിക്കട്ടെ എന്നാണ് വചനം നമ്മെ പഠിപ്പിക്കുന്നത്. ഒരു ഇടയൻ ആടുകൾക്ക് മാതൃകയായിരിക്കണം. സാധാരണ ആടുകൾക്ക് മുമ്പായിട്ടായിരിക്കും ഇടയൻ നടക്കുക. പാത സുഗമമാക്കുന്നതിനും ആടുകൾക്ക് അപായം ഉണ്ടോ എന്ന് അന്വേഷിക്കുന്നതിനുമാണ് ഇടയൻ ശ്രദ്ധിക്കുന്നത്. നല്ല ഇടൻ ആടുകൾക്കു വേണ്ടി ജീവനെ പോലും കൊടുക്കുന്നവനായിരിക്കും. .യേശു തന്റെ ജീവൻ പാപികൾക്കായി നൽകി. അത് ആളുകളുടെ പാപങ്ങൾ മോചിച്ചുകൊടുപ്പാനായിരുന്നു. ലൗകിക ജീവിതത്തിൽ ഭ്രമിച്ചു ജീവിക്കുന്നവർക്ക് ആത്മിക മാതൃക അനിവാര്യമാണ്.

# കർത്താവിന്റെ അത്താഴം

## ഗ്യാരി സി ഹാമ്ടൺ

കർത്താവിന്റെ അത്താഴം അഥവാ കർത്തൃമേശയെ കുറിച്ച് ധാരാളം തെറ്റിദ്ധാരണകൾ ലോകത്തിൽ പരന്നിട്ടുണ്ട്. അതിനാൽ ആളുകൾക്ക് അതിനെ കുറിച്ച് വ്യത്യസ്തമായ കാഴ്ച്ചപ്പാടുകളാണ് ഉള്ളത്. ചിലർ ദ്രവ്യാന്തരീകരണത്തിൽ വിശ്വസിക്കുന്നു. അതായത് കർത്തൃമേശയിൽ ഉപയോഗിക്കുന്ന വസ്തുക്കൾക്ക് അന്തരമുണ്ടാകുമെന്നാണ് അവർ കരുതുന്നത്. കർത്താവിന്റെ അത്താഴമായി കഴിക്കുന്ന അപ്പവും വീഞ്ഞും കഴിക്കുമ്പോൾ അവ രണ്ടും ശരീരവും രക്തവുമായി മാറും എന്ന് ചിലർ വിശ്വസിക്കുകയും അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നു. പഴയ നിയമ പൗരോഹിത്യ വ്യവസ്ഥ ഇന്നും എടുക്കുന്നവരാണ് അപ്രകാരം വിശ്വസിക്കുന്നത്. അവരുടെ പുരോഹിതൻ അപ്പവും വീഞ്ഞും എടുത്ത് വാഴ്ത്തി "ഇത് എന്റെ ശരീരവും രക്തവും ആകുന്നു" എന്നു പറയുമ്പോൾ ക്രിസ്തുവിന്റെ ശക്തിയാൽ അപ്പം മാംസമായും വീഞ്ഞ് രക്തമായും മാറും എന്നാണ് അവരുടെ സിദ്ധാന്തം.

ഇത് ദൈവത്തിന്റെ തിരുവെഴുത്തിൽ പറയുന്ന കാര്യമല്ല. അങ്ങനെ ഒരു മാറ്റം സംഭവിക്കുമെന്ന് കർത്താവോ അപ്പൊസ്തലന്മാരോ പഠിപ്പിച്ചിട്ടില്ല. ഒരു കൂട്ടം ആളുകൾ മരിച്ചവരെ ഓർമ്മിക്കുന്നത് വര്ഷത്തിൽ ഒരിക്കലാണെന്ന നിഗമനത്തിൽ കർത്തൃമേശ എടുക്കുന്നത് വർഷത്തിൽ ഒരിക്കലാണ്. കർത്തൃമേശ എടുക്കാത്തവർ കരുതുന്നത് അത് എടുത്താലും ഇല്ലെങ്കിലും ദൈവ മഹത്വത്തിനായി അവന്റെ ശരീരത്തെയും രക്തത്തെയും ഓർമ്മിച്ചാൽ മതി എന്നാണ്. അനേകരുടെ പാപങ്ങൾക്ക് വേണ്ടി നുറുക്കപ്പെട്ട ശരീരത്തെയും അനേകരുടെ പാപമോചനത്തിനായി ചിന്തിയ രക്തത്തെയും സ്മരിച്ചാൽ മതി എന്നാണ് അവരുടെ വാദം. പക്ഷെ അത് വേദപുസ്തകാനുസരണമുള്ള വിശ്വാസമല്ല.

ഇനി ഒരു കൂട്ടര് പറയുന്നത് കർത്തൃമേശ എടുക്കുന്ന ദിവസത്തിനോ സമയത്തിനോ പ്രാധാന്യമില്ല. അത് എപ്പോൾ വേണമെങ്കിലും എടുക്കാം എന്നാണ് അവരുടെ പക്ഷം. കർത്തൃമേശ എപ്പോൾ എടുക്കണമെന്നോ എങ്ങനെ എടുക്കണമെന്നോ ക്രിസ്തു

പറഞ്ഞിട്ടില്ല എന്നാണ് അവർ നിരത്തുന്ന വാദം. കർത്താവ് കർത്തൃ മേശ സ്ഥാപിച്ചു തന്റെ ശിഷ്യന്മാർക്ക് കൊടുത്തത് വ്യാഴാഴ്ച്ചയും ശിഷ്യന്മാർ ആചരിച്ചത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസവുമാക യാൽ നമുക്ക് ഏതു ദിവസം വേണമെങ്കിലും അത് ആചരിക്കാം എന്ന വിശ്വാസത്തിലാണ് ബാപ്റ്റിസ്റ്റുകാർ. എന്നാൽ ആ വിശ്വാ സവും ബൈബിൾ അനുസരിച്ചുള്ളതല്ല എന്ന് എല്ലാവരും മനസി ലാക്കണം. വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും എല്ലാം കർത്താവായ യേശുക്രിസ്തുവിന്റെ അധികാരത്തിൽ വേണം നാം ചെയ്യുവാൻ. അവൻ അപ്പൊസ്തലന്മാരെ പഠിപ്പിച്ചതെല്ലാം ദൈവേ ഷ്ടമായിരുന്നു. അവ തിരുവെഴുത്തിൽനിന്നു നാം മനസിലാക്കണം. കർത്തൃമേശ എന്നത് കർത്താവിനെ ഓർമ്മിക്കുന്നതിനുള്ള ശുശ്രൂ ഷയാണ് എന്ന കാര്യത്തിൽ തർക്കമില്ല.

ലോകത്തുള്ള ആളുകൾ മരിക്കുമ്പോൾ അവരെ ഓർമ്മിക്കുന്ന തിനു ഫോട്ടോ സൂക്ഷിക്കുന്നവർ കാണാം. അതല്ലെങ്കിൽ സ്മാരക ങ്ങളോ ബിംബങ്ങളോ ഉണ്ടാക്കി സൂക്ഷിക്കുന്നതു കാണാം. മരിച്ച വരോടുള്ള ആദരവ് സൂചിപ്പിക്കുവാൻ കൂടെയാണ് അങ്ങനെ ചെയ്യു ന്നത്. യേശുക്രിസ്തു എങ്ങനെയാണ് ഇത് സ്ഥാപിച്ചത് എന്നു തിരു വെഴുത്തിൽനിന്നു മനസിലാക്കുക.

പിന്നെ അപ്പം എടുത്ത് വാഴ്ത്തി നുറുക്കി അവർക്ക് കൊടു ത്തു. ഇത് നിങ്ങൾക്ക് വേണ്ടി നല്കുന്ന എന്റെ ശരീരം. എന്റെ ഓർമ്മക്കായി ഇപ്രകാരം ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രം എടുത്തു ഇത് നിങ്ങൾക്ക് വേണ്ടി ചൊരിയുന്ന എന്റെ രക്തത്തിലെ പുതിയ നിയമം ആകുന്നു (ലൂക്കൊസ് 22:19, 20). ഇത് കർത്താവിൽനിന്നു പ്രാപി ച്ചതും നിങ്ങൾക്ക് ഏൽപിച്ചു തന്നതാണെന്നും അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നു. തന്നെയുമല്ല ഓരോരുത്തൻ സ്വയം പരിശോധിച്ച് വേണം ഇതു എടുപ്പാൻ എന്നു പറഞ്ഞിരിക്കുന്നു. ശിഷ്യന്മാർ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആയിരുന്നു അപ്പം നുറുക്കുവാൻ കൂടി വന്നിരുന്നത്. അന്ന് അവർ അപ്പം നുറുക്കു കയും പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്തു. സഭായോഗം മുടക്കാതിരിക്കണമെന്ന് എബ്രായലേഖകൻ നമ്മെ ഓർപ്പിക്കുന്നു.

✶

# വിശ്വാസ്യ വചനത്തെ മുറുകെ പിടിക്കൽ

## ക്ലെം തർമാൻ

ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതാണ്, അത് മനുഷ്യരുടെ ഹൃദയത്തിലേക്ക് ആണ്ടിറങ്ങുന്നതുമാണ്. ദൈവശ്വാസിയമായ ബൈബിൾ ദൈവത്തിന്റെ വായിൽനിന്നു പുറപ്പെട്ട അരുളപ്പാടുകളാണ്.. അവയുടെ പ്രാധാന്യം ആരും കുറച്ചുകാണരുത്. "ജിതേന്ദ്രിയനും പതിഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്ക് സുബോധം വരുത്തുവാനും ശക്തനാകേണ്ടതിന്ന് ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെ പിടിക്കുന്നവനുമായിരിക്കേണം" (തിത്തൊസ് 1:9). ദൈവത്തിന്റെ വഴി ഉപേക്ഷിച്ച് വിദൂരതയിൽ സ്വന്തവഴിയിൽ ഊന്നി ജീവിക്കുവാനുള്ള മനുഷ്യരുടെ പ്രവണത പണ്ടു മുതൽക്കേ ഉള്ളതാണ്. ആദ്യമനുഷ്യരായ ആദാമും ഹവ്വയും മുതൽ ഇന്നത്തെ ആധുനിക മനുഷ്യർ വരെ നോക്കിയാൽ അത് വാസ്തവമാണെന്ന് കാണാം. മനുഷ്യരെ നിയമം ലംഘിക്കുവാനായി പ്രലോഭിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭാരിച്ച കൽപനകളൊന്നും ദൈവം ആദാമിന്നും ഹവ്വക്കും നൽകിയിരുന്നില്ല. എങ്കിലും ദൈവത്തിന്റെ വ്യവസ്ഥയെ മറികടന്ന് സ്വന്തം ഇഷ്ടത്തെ മാനിച്ച് ജീവിക്കുവാനാണ് ആളുകൾക്ക് താൽപര്യം (ഉൽപത്തി 3).

കയീനും ഹാബേലും ദൈവത്തിന് വഴിപാട് കൊണ്ടുവന്നു. എന്നാൽ ഹാബേലിന്റേതിൽ ദൈവം പ്രസാദിക്കുകയും കയീന്റേതിൽ അവൻ പ്രസാദിക്കാതിരിക്കുകയും ചെയ്തു. പ്രസാദിക്കാതിരിപ്പാനുള്ള കാരണം പാപം ആയിരുന്നു. ദൈവം പരിശുദ്ധനാകയാൽ അവന് അശുദ്ധിയോട് ബന്ധപ്പെടുവാൻ സാധ്യമല്ല. മനുഷ്യന്റെ പാപമാണ് അവനെ അശുദ്ധനാക്കുന്നത്. സ്വന്ത വഴിയിൽ സഞ്ചരിപ്പാൻ തീരുമാനിച്ച കയീൻ തന്റെ സഹോദരനെ കൊന്നുകളഞ്ഞു (ഉൽപത്തി 4). ഒരു പ്രത്യേക ഉദ്ദേശത്തിനായി യിസ്രായേൽ ജനത്തെ ദൈവം സ്വന്ത ജനമായി തിരഞ്ഞെടുത്തു. അവർക്ക് ദൈവം പത്തു കൽപനകളും ന്യായപ്രമാണവും നൽകി.. അവർ ദൈവത്തിന്റെ ചട്ടങ്ങളും വിധികളും പ്രമാണിച്ചു നടന്നാൽ അവർ അനുഗ്രഹിക്കപ്പെടും എന്നു ദൈവം മുന്നറിയിച്ചിരുന്നു (പുറപ്പാട് 24:3). എന്നാൽ അധികം കഴിയുന്നതിനു മുൻപ് അവർ ദൈവകൽപനകളെ ത്യജിച്ച് സ്വബുദ്ധിയിൽ ആശ്രയിച്ചു ജീവിക്കുവാനാണ് താൽപര്യപ്പെട്ടത്. ദൈവം തിരഞ്ഞെടുത്ത ജനം അവനെ വിട്ട് പോയപ്പോൾ അത് ജനത്തിന്റെ പരാജയത്തിനും നാശത്തിനും കാരണമായി. മനുഷ്യർക്ക് ദൈവജ്ഞാനത്തിൽ ദൈവത്തെ അറിയുവാനോ അവന്റെ

വഴിയിൽ നടക്കുവാനോ ജനത്തിന് കഴിഞ്ഞില്ല. അക്കാരണത്താൽ അവർക്ക് വേദനയും പ്രയാസവും ഏറി വന്നു. വാസ്തവത്തിൽ അവർ ദൈവത്തിങ്കലേക്ക് മടങ്ങി വരണമായിരുന്നു. എങ്കിൽ ദൈവം അവരോട് ക്ഷമിക്കയും അവരെ അനുഗ്രഹിക്കയും ചെയ്യുമായിരുന്നു.

മനുഷ്യന്ന് ഒരു വഴി ചൊവ്വായി തോന്നും എന്നാൽ അതിന്റെ അവസാനമോ മരണവഴികൾ തന്നെ. എന്നു ജ്ഞാനിയായിരുന്ന ശലോമോൻ പറഞ്ഞിരിക്കുന്നു (സദൃശവാക്യങ്ങൾ 14:12). ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയാകുന്നു. ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ ബുദ്ധി ഞാൻ ദുർബ്ബലമാക്കുകയും ചെയ്യും എന്ന് എഴുതിയിരിക്കുന്നുവല്ലൊ. ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ. ലോകത്തിന്റെ ജ്ഞാനം ദൈവം ഭോഷത്വമാക്കിയില്ലയോ? ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ട ദൈവം വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന് പ്രസാദം തോന്നി (1 കൊരിന്ത്യർ 1:1-18-21). ശാസ്ത്രം, മനശാസ്ത്രം, തത്വശാസ്ത്രം, സാങ്കേതിക പരിജ്ഞാനം എന്നീ മേഖലകളിൽ മനുഷ്യർ വളർച്ച പ്രാപിച്ചിരിക്കുന്നു എന്ന് അഭിമാനിക്കുന്നു. എന്നാൽ ദൈവജ്ഞാനത്തെ ഉപേക്ഷിച്ച് ഇത്തരം രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ അത് എത്രമാത്രം ഉപയോഗപ്രദമായി ഉപയോഗിക്കുമെന്ന് നിശ്ചയമില്ല. മതപരമായ കാര്യങ്ങൾ ചെയ്യുവാൻ ആളുകൾ മാനുഷിക ബുദ്ധി ഉപയോഗിക്കുന്നത് തികച്ചും മൗഢ്യമാണ്.

കർത്താവിന്റെ സഭയിൽ ദൈവം തന്റെ ബഹുവിധമായ ജ്ഞാനം വെളിപ്പെടുത്തിയിരിക്കുന്നു. സഭയിലുള്ള വ്യക്തികൾക്ക് ആർക്കും വ്യക്തിപരമായ ബുദ്ധി ഉപയോഗിച്ചാൽ ദൈവികമായ അനുഗ്രഹങ്ങൾ മനസിലാകുകയില്ല. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന ജ്ഞാനത്താൽ വേണം നാം തിരുവെഴുത്ത് മനസലാക്കുവാൻ. കർത്താവിന്റെ സഭയിൽ ലൗകിക ജ്ഞാനത്താൽ ലോകപ്രകാരമുള്ള ആശയങ്ങൾ കുത്തിച്ചെലുത്തുന്ന പ്രവണത ഇന്നു കാണപ്പെടുന്നു. ചില സഭകൾ വചനാധികാരമില്ലാത്ത പല കാര്യങ്ങളും ദത്തെടുത്തിരിക്കുന്നതു കാണാം. അവർ പ്രാദേശിക സ്വയംഭരണാവകാശ സ്വാതന്ത്ര്യത്തിന്റെ മറവിലാണ് അത് ചെയ്യുന്നത്. ദൈവനീതി നഷ്ടമാക്കുന്നതിനാൽ അവർ വാസ്തവത്തിൽ ദൈവശക്തിയാണ് ത്യജിച്ചു കളയുന്നത്. ആളുകളെ ആകർഷിക്കുന്നതിനു നാമധേയവിഭാഗങ്ങൾ ചില പൊടിക്കൈകളെല്ലാം ചെയ്തുകൊണ്ടാണിരിക്കുന്നത്. അത് കർത്താവിന്റെ സഭയിൽ ചെയ്യുവാൻ തുടങ്ങുന്നത് ദൈവേഷ്ടമായിരിക്കുകയില്ല. അപ്പൊസ്തലന്മാരും ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളും വിട്ടുവീഴ്ച്ചയില്ലാത്ത സത്യസുവിശേഷം അറി

യിക്കുകയും അപ്രകാരം ജീവിക്കുകയും ചെയ്തിരുന്നു. ദൈവത്തിൽനിന്നും ദൈവവഴിയിൽനിന്നും അകന്നുപോകാതിരിപ്പാൻ എടുക്കേണ്ട തീരുമാനങ്ങളും ചെയ്യേണ്ട കാര്യങ്ങളുമുണ്ട് എന്ന് ബലമായി ഞാൻ വിശ്വസിക്കുന്നു. അത് ദൈവമുൻപാകെ ഓരോരുത്തർക്കും പ്രയോജനപ്പെടും. ശക്തിയുള്ള സുവിശേഷമാണ് നാം പ്രസംഗിക്കേണ്ടത്. സുവിശേഷത്തിലാണ് ശക്തി. ക്രിസ്തുവിനെയും അവന്റെ സുവിശേഷത്തെയും പല സഭകളിലും കാണാത്തതിനാൽ ഞാൻ ഭയപ്പെടുന്നു. മനുഷ്യർ സമൂഹജീവികളാനെന്നും അതിനാൽ അവർ അവരുടെ സാമൂഹ്യാവശങ്ങൾ നേടിയെടുക്കുന്ന വെപ്രാളത്തിലാണെന്ന് പറയപ്പെടുന്നു. വ്യാപാരത്തിലും കുടുംബത്തിലും ജോലികളിലുമെല്ലാം പരസ്പരം ബന്ധം പുലർത്തേണ്ടതായിട്ടുണ്ട്.

പലരും ക്രിസ്തുവിന്റെ സുവിശേഷത്തിന് പ്രാമുഖ്യം കൊടുക്കാതെ സാമൂഹികാവശ്യങ്ങൾക്ക് ഊന്നൽ കൊടുത്ത് പ്രസംഗിക്കുന്നത് കേൾക്കാം. എന്നാൽ മനുഷ്യന്റെ പരമ പ്രധാനമായ ആവശ്യം ആത്മികമാണ്. അവന്റെ ഏറ്റവും വലിയ പ്രശ്നം പാപമാണ്. ഒഴിച്ചുകൂടാനാവാത്തത് ആത്മാവിന്റെ രക്ഷയാണ്. അതുകൊണ്ടാണ് ഈ ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ എന്തു പ്രയോജനം എന്നു യേശു ചോദിക്കുവാൻ കാരണം. മനുഷ്യനു സ്വയമായി തന്റെ പാപങ്ങളെ നീക്കം ചെയ്യുവാനോ ആത്മാവിനെ രക്ഷിക്കുവാനോ കഴിയുകയില്ല. അതുകൊണ്ടാണ് ദൈവം മനുഷ്യരൂപത്തിൽ ജനിച്ച് ഭൂമിയിൽ മനുഷ്യർക്കിടയിൽ മനുഷ്യനായി ജീവിച്ചത്. പ്രസംഗത്തിന്റെ ഭോഷത്വത്താൽ മനുഷ്യരെ രക്ഷിക്കുവാൻ ദൈവത്തിന് പ്രസാദം തോന്നി. സുവിശേഷത്തെ കുറിച്ച് എനിക്ക് ലജ്ജയില്ല, അത് വിശ്വസിക്കുന്ന ഏവർക്കും, രക്ഷക്കുള്ള ദൈവശക്തിയാകുന്നുവല്ലോ എന്നാണ് അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നത് (റോമർ 1:16).

ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായി തീർന്നു. പാപത്തിന്റെ ശമ്പളം മരണമത്രെ. ദൈവത്തിന്റെ കൃപാവരമോ നിത്യജീവൻ തന്നെ. അവൻ നമ്മെ വീണ്ടെടുക്കുന്നതും രക്ഷിക്കുന്നതും സൗജന്യമായിട്ടാണ്. ക്രിസ്തുയേശുവിനു മാത്രമെ നമ്മെ വീണ്ടെടുക്കുവാനും രക്ഷിപ്പാനും കഴിയുകയുള്ളു. കാരണം അവൻ മാത്രമാണ് മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റത്. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഏക മദ്ധ്യസ്ഥൻ യേശു മാത്രമാണ്. ക്രിസ്തു ഈ ഭൂമിയിൽ ജീവിച്ചപ്പോൾ അവൻ പിതാവായ ദൈവത്തെ വെളിപ്പെടുത്തി. കാരണം ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ലായിരുന്നു. ഇന്നും ഭൗതികമായ കണ്ണുകൾകൊണ്ട് നമുക്ക് ദൈവത്തെ കാണുവാൻ സാധ്യമല്ല എന്നോർക്കുക. ക്രിസ്തു

യേശുവാണ് മനുഷ്യന്റെ ഏക പ്രത്യാശ. ദൈവം തങ്ങളോട് നേരിട്ടു സംസാരിച്ചു എന്ന് അവകാശപ്പെടുന്ന പാസ്റ്റർമാരെ കാണാം. ദൈവത്തിന്റെ വെളിപ്പാട് ലഭിച്ചുവെന്ന് പറഞ്ഞ് പലരെ കുറിച്ചും പലതും പറഞ്ഞു പ്രചരിപ്പിക്കുന്നവർ പരദൂഷണക്കാരായി പ്രവർത്തിക്കുന്നു. സ്ത്രീകളായിരിക്കും ഈ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. തങ്ങൾ ഭക്തിയിൽ ഉയർന്നവരാണെന്നും ദൈവവുമായി അവർക്ക് നേരിട്ട് ബന്ധമുണ്ടെന്നുമാണ് അവർ അതിൽകൂടെ വരുത്തി തീർക്കുന്നത്. ശുദ്ധഹൃദയരായ ആളുകളെയാണല്ലോ ഇത്തരം മതപരമായ ആളുകൾ ചൂഷണം ചെയ്യുന്നത്.

ചില നാമധേയ വിഭാഗങ്ങളിലുള്ളവർ സ്വതന്ത്ര കൂട്ടായ്മകൾ നടത്തിവരുന്നത് കാണാം. അവർക്ക് ഒരു സഭയുമായും വിധേയത്വം കാണുകയില്ല. അവർ ദൈവഭക്തിയെ ആദായസൂത്രമാക്കി മാറ്റും. കൂട്ടായ്മയിൽ വരുന്നവരുടെ വരുമാനത്തിന്റെ പത്തിലൊന്ന് നിർബ്ബന്ധമായി ചോദിച്ചുവാങ്ങുന്നത് പതിവാക്കിയിരിക്കുന്നു. പുതിയനിയമകാലത്ത് ആളുകൾ നിയമമായി അനുസരിക്കേണ്ടത് പുതിയനിയമത്തിൽ യേശുക്രിസ്തുവും അപ്പൊസ്തലന്മാരും കൽപിച്ചിരിക്കുന്നതാണ്. അതിനുപകരമായി ചിലർ പഴയനിയമത്തിലെ ചിലതും പുതിയനിയമത്തിലെ ചിലതും തമ്മിൽ കൂട്ടിക്കലർത്തി പഠിപ്പിക്കുന്നത് അവരുടെ സ്വർത്ഥലാഭത്തിനു വേണ്ടിയാണ്. പഴയനിയമത്തിലുള്ളത് ചിലതു മാത്രമാണ് പുതിയനിയമത്തിലെ ചിലതിനോട് അവർ കൂട്ടു ചേർക്കുന്നത്. പഴയനിയമത്തെ പുതിയനിയമത്തോട് ചേർക്കുവാൻ ദൈവം അനുവദിക്കുന്നില്ല. അപ്പൊസ്തലൻ ദൈവശ്വാസിയമായി മുന്നറിയിച്ചിരിക്കുന്ന വേദഭാഗം ശ്രദ്ധിക്കുക, "അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും ചെയ്യുന്ന കാലം വരും" (2 തിമൊഥെയൊസ് 4:3, 4).

സ്വന്തം ആത്മിയ പോരായ്മകളെ തിരിച്ചറിയാത്തവരാണ് കർത്താവിന്റെ സഭയിൽനിന്നും അകന്നു പോകുന്നത്. അത് നിമിത്തം അവർ ദൈവത്തിന്റെ നിത്യരാജ്യത്തെയാണ് നഷ്ടമാക്കി കളയുന്നത്. ബൈബിൾ വെറുമൊരു പുസ്തകമല്ല; ദൈവത്തിന്റെ വചനമാണ് (2 തിമൊഥെയൊസ് 3:16, 17). ഇന്ന് നമുക്ക് നവീനോപദേശത്തിന്റെ ആവശ്യമില്ല. നമ്മുടെ ദൈവഭക്തിക്കും ജീവനും വേണ്ടുന്നതൊക്കെയും ദൈവം നമുക്ക് ദാനമായി തന്നിരിക്കുകയാണ്. നാം തിരുവെഴുത്ത് വായിച്ച് മനസിലാക്കി വിശ്വസിച്ച് അനുസരിക്കുകയാണ് വേണ്ടത്. പ്രസംഗിക്കുന്നത് ആരായാലും അത് വചനത്തിലുള്ളതോ എന്ന് നാം പരിശോധിക്കണം. അത് നമ്മുടെ കർത്തവ്യത്തിൽ പെടുന്നു.

# യേശു സ്നാനം ഏറ്റത് എന്തിന്?

## ജേസൺ റോബർട്ട്സ്

സ്നാനം എന്ന കൽപന ഒഴിച്ചുകൂടാനാവാത്തതും പാപമോചനത്തിനുമായ ഒന്നാണ്. ബാപ്റ്റിസോ എന്ന ഗ്രീക്ക് പദത്തിൽനിന്നാണ് നമുക്ക് സ്നാനം എന്ന വാക്ക് തർജിമ ചെയ്ത് ലഭിച്ചത്. അതിനർത്ഥം നിമഞ്ജനം ചെയ്യുക അഥവാ മുങ്ങുക എന്നാണ്. വേദപുസ്തകത്തിൽ ഉള്ള കൽപനകളിൽ ചിലതിനെ ആളുകൾ മാറ്റുകയോ അവഗണിക്കുകയോ ചെയ്തു വരുന്നു. അവയിൽ ഒന്നാണ് സ്നാനം. യേശുക്രിസ്തുവിന്റെ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് തന്നെ യോഹന്നാൻ സ്നാപകനിൽ കൂടെ സ്നാനം ഏൽക്കുവാൻ ദൈവം ജനത്തോട് ആവശ്യപ്പെട്ടിരുന്നു. പാപമോചനത്തിനായുള്ള മാനസാന്തരസ്നാനം യേശുവിന് വഴി ഒരുക്കുന്നതിന് വേണ്ടിയായിരുന്നു. ശരിയായ മാനസാന്തരം കൂടാതെ സ്നാനപ്പെടുവാൻ വന്നവരെ യോഹന്നാൻ ശാസിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. പഴയ നിയമത്തിൻ കീഴിൽ ജനിച്ച യേശു യോഹന്നാനാൽ സ്നാനം ഏൽക്കുവാൻ വന്നതിനെ കുറിച്ച് ബൈബിൾ പറയുന്നത് ശ്രദ്ധിക്കുക, “അനന്തരം യേശു യോഹന്നാനാൽ സ്നാനം ഏൽക്കേണ്ടതിന്ന് ഗലീലിയിൽനിന്ന് യോർദ്ദാൻകരെ അവന്റെ അടുക്കൽ വന്നു. യോഹന്നാൻ അവനെ വിലക്കി; നിന്നാൽ സ്നാനം ഏൽക്കുവാൻ എനിക്ക് ആവശ്യം; പിന്നെ നീ എന്റെ അടുക്കൽ വന്നുവോ എന്നു പറഞ്ഞു. യേശു അവനോട്, ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നത് നമുക്ക് ഉചിതം എന്നു പറഞ്ഞു. എന്നാറെ അവൻ അവനെ സമ്മതിച്ചു” (മത്തായി 3:13-15).

സ്നാനം പാപമോചനത്തിനായുള്ള കൽപനയാണെന്ന് നമുക്ക് അറിയാം. പക്ഷെ യേശു പാപം ഒന്നും ചെയ്തിട്ടില്ല. പിന്നെ എന്തിനാണ് അവൻ സ്നാനം ഏൽക്കുവാൻ തയ്യാറായത്? (പ്രവൃത്തി 2:38; 22:16). അവൻ നമ്മെ പോലെ സകല പരീക്ഷണങ്ങളെയും നേരിട്ടു. പക്ഷെ അവൻ എല്ലാ പരീക്ഷണങ്ങളെയും അതിജീവിച്ചു. ആവശ്യമില്ലാത്ത കാര്യമാണോ മനുഷ്യപുത്രൻ ചെയ്തത്? ഒരിക്കലും അല്ല. നിലവിലുള്ള നിയമം അനുസരിക്കുവാൻ അന്ന് ജീവിച്ചിരിക്കുന്ന ഏതൊരു മനുഷ്യനും ബാധ്യതയുണ്ട്. യേശു ലോകത്തിലേക്ക് വന്ന ഉദ്ദേശം തന്നെ പിതാവിന്റെ ഇഷ്ടം നിറവേറ്റുവാനായിരുന്നു. ദൈവത്തിനു പ്രസാദകരമായതു മാത്രം ചെയ്തു അവന്ന്

മഹത്വം കൊടുക്കുക എന്നതായിരുന്നു ദൈവപുത്രന്റെ ലക്ഷ്യം. അതിൽനിന്നും അവൻ വ്യതിചലിച്ചില്ല. എന്നെ അയച്ചവൻ എന്നോടുകൂടെയുണ്ട്. എല്ലായ്പ്പോഴും അവന്നു പ്രസാദമുള്ളത് ചെയ്യുന്നതുകൊണ്ട് അവൻ എന്നെ ഏകനായി വിട്ടിട്ടില്ല എന്നു കർത്താവ് അരുളിച്ചെയ്തിരുന്നു. ലോകരക്ഷിതാവായി വന്ന യേശുക്രിസ്തുവിന്റെ പ്രവൃത്തികളെല്ലാം എല്ലാവരും വീക്ഷിക്കും. അവനിൽ യാതൊരു അനീതിയും ആരോപിക്കപ്പെടാതെ അവൻ നോക്കി. ദൈവനീതി യേശുവിൽനിന്നാണ് നാം മനസിലാക്കുന്നത്. ഏതൊരാൾക്കും മാതൃകയായി അനുകരിക്കുവാനുള്ള പ്രവൃത്തികളായിരുന്നു ഭൂമിയിലായിരുന്നപ്പോൾ അവൻ ചെയ്തതെല്ലാം.

സ്നാനം ഏൽക്കുവാൻ യേശു യോഹന്നാന്റെ അടുക്കൽ വന്നപ്പോൾ യോഹന്നാൻ യേശുവിനെ വിലക്കിയതിന്റെ കാരണം സ്പഷ്ടമാണ്. അവനെ കുറിച്ച് യോഹന്നാൻ സാക്ഷ്യപ്പെടുത്തിയത് ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്നാണ്. കർത്താവ് പറഞ്ഞത്, ഇപ്പോൾ സമ്മതിക്ക; അങ്ങനെ സകല നീതിയും നിറവേറ്റേണ്ടതാണ്. നമ്മളും അതിൽനിന്നു വ്യത്യസ്തരായി പാപം ചെയ്ത് ദൈവതേജസ് നഷ്ടപ്പെടുത്തിയവരായപ്പോൾ ഓരോരുത്തരുടെ അവസ്ഥ എങ്ങനെയിരിക്കുന്നു എന്ന് പരിശോധിക്കുക. യേശുവിന്റെ ആഗമനോദ്ദേശത്തെ സംശയിച്ച യെഹൂദന്മാരോട് അവൻ അത് വ്യക്തമാക്കി കൊടുത്തു, ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുത്; നീക്കേണ്ടതിനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നത് എന്നാണ് അവൻ പറഞ്ഞത് (മത്തായി 5:17). ഭൂമിയിൽ ജീവിച്ച മനുഷ്യരിൽ .യേശു മാത്രമാണ് സകല നീതിയും പൂർണ്ണമായി നിറവേറ്റിയത്. മാനുഷിക നീതിയും ദൈവികനീതിയും രണ്ടാണ് എന്ന കാര്യം നാം മനസിലാക്കണം.

എല്ലാവരും ദൈവം വെളിപ്പെടുത്തിയത് മാത്രമാണ് യഥാർത്ഥ നീതി എന്നു മനസിലാക്കുകയാണെങ്കിൽ കാര്യം എളുപ്പമായിരിക്കും. ആത്മിയ വിവേചനത്തിന് ദൈവസഹായം ആവശ്യമാണ്. അവന്റെ സഹായമില്ലാതെ നമുക്ക് വിവേകബുദ്ധി ഉണ്ടാകുകയില്ല, ആത്മികന്മാർക്ക് മാത്രമെ ആത്മിയമായി വിവേചിക്കുവാൻ കഴിയു. ജഡികന്മാർക്കും പ്രാകൃതന്മാർക്കും അത് മനസിലാകുകയില്ല. ദൈവസന്നിധിയിൽ ഏതാണോ ശരി അതാണ് നീതി. മനുഷ്യരുടെ കാഴ്ച്ച

പ്പാട് ദൈവത്തിന്റേതിൽനിന്നു വ്യത്യസ്തമായിരിക്കും. അതുകൊണ്ടാണ് നാം മനുഷ്യരെയല്ല കർത്താവിനെയാണ് മാതൃകയാക്കേണ്ടത് എന്നു പറയുവാൻ കാരണം. നീതി ചെയ്യുന്നവൻ നീതിയാൽ ജീവിക്കും എന്ന് എഴുതിയിരിക്കുന്നുവല്ലോ (1 യോഹന്നാൻ 3:7). ദൈവത്തെ അനുസരിക്കുന്നതാണ് നീതി. അനുസരിക്കാത്തവന് നീതി എന്തെന്ന് അറിയുവാൻ സാധ്യമല്ല. ദൈവത്തിന്റെ കൽപനകളെല്ലാം നീതിയുള്ളതാണ്. അവ പ്രമാണിക്കുന്നവരിൽ ദൈവം പ്രസാദിക്കും.

അനുസരണക്കേടിനാൽ ദൈവനീതിയെ തടുക്കുന്നവരിൽ ദൈവകോപമായിരിക്കും വരിക. മനുഷ്യരുടെ വിലയിരുത്തലുകൾ പോരായ്മയുള്ളതാകയാൽ അവർക്ക് ന്യായമായി നീതിമാന്മാർ ആകുവാൻ സാധ്യമല്ല. മാനുഷികമായി നോക്കിയാൽ നീതിമാൻ ആരുമില്ല ഒരുത്തൻപോലും ഇല്ല. ഗ്രഹിക്കുന്നവനില്ല; ദൈവത്തെ അന്വേഷിക്കുന്നവനുമില്ല. എല്ലാവരും വഴി തെറ്റി ഒരുപോലെ കൊള്ളരുതാത്തവരായി തീർന്നു. അതിന്റെ മുഖ്യമായ കാരണം ദൈവഭയം ആളുകളില്ല എന്നതാണ്. അബ്രഹാമിന്റെ വിശ്വാസം അനുസരണമായി പരിണമിച്ചപ്പോൾ അവന്റെ വിശ്വാസത്തെ ദൈവം നീതിയായി കണക്കിട്ടു എന്നാണ് നാം വായിക്കുന്നത്. മശിഹയെ കുറിച്ച് പ്രവാചകനായിരുന്ന യെശയ്യാവിൽ കൂടെ ദൈവം അരുളിച്ചെയ്തത്, "എന്നാൽ അവനെ തകർത്തുകളവാൻ യഹോവക്ക് ഇഷ്ടം തോന്നി; അവൻ അവന്നു കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായി തീർന്നിട്ട് അവൻ സന്തതിയെ കാണുകയും ദീർഘായുസ് പ്രാപിക്കയും യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കയും ചെയ്യും. അവൻ തന്റെ പ്രയത്നഫലം കണ്ട് തൃപ്തനാകും; നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനം കൊണ്ട് പലരേയും നീതീകരിക്കും; അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും." (യെശയ്യാവ് 53:10, 11). മനുഷ്യരെ ദൈവത്തോട് നിരപ്പിക്കുന്ന ശുശ്രൂഷയായിരുന്നു യേശു നിർവ്വഹിച്ചത്. അപ്പൊസ്തലനായ പൗലൊസ് പറയുന്നത്, ഞാൻ ഇപ്പോൾ തന്നെ പാനിയയാഗമായി ഒഴിക്കപ്പെടുന്നു; ഞാൻ വിശ്വാസം കാത്തു നല്ല പോർ പൊരുതു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു. അത് അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും തന്നെ.

# സത്യത്തിന്റെ വില

## ജോണി രാംസെ

സത്യത്തിന്റെ പ്രാധാന്യം എക്കാലത്തും വളരെ വലുതാണ്. സമൂഹത്തിൽ അന്യോന്യമുള്ള ബന്ധം തകരുന്നതിന്റെ മുഖ്യകാരണം വിശ്വാസമില്ലായ്മയാണ്. സത്യസന്ധത ആളുകളിൽ കുറഞ്ഞുവരുന്നു എന്നത് നമ്മെ ദുഃഖിപ്പിക്കുന്നു. മൂല്യമില്ലാത്തവക്ക് ആളുകൾ മൂല്യം കൊടുക്കുകയും മൂല്യമുള്ളവക്ക് ആളുകൾ മൂല്യം കൽപിക്കാതിരിക്കയും ചെയ്യുന്നു. സത്യത്തെ അസത്യമാക്കി അസത്യത്തെ സത്യമാക്കി മാറ്റി അവതരിപ്പിക്കുന്ന പ്രവണത ഇന്നു സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുകയാണ്. യഥാർത്ഥ സത്യം എന്നു പറയുന്നത് ദൈവത്തിന്റെ വചനമാണ് (യോഹന്നാൻ 17:17). സത്യത്തിനു സമൂഹത്തിൽ ചെലുത്തുവാൻ കഴിയുന്ന സ്വാധീനം വളരെ വലുതാ. ണ്. അനേകം ആളുകൾ വിചാരിക്കുന്നത് ഉള്ളത് ഉള്ളതുപോലെ പറയുന്നത് മാത്രമാണ് സത്യം എന്നാണ്. ദൈവത്തിൽനിന്നു പുറപ്പെടുന്ന പ്രസ്താവനയായാലും, കല്പനയായാലും, വാഗ്ദാനമായാലും അത് സത്യമായിരിക്കും. എന്നാൽ സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരാണെന്ന് വചനം നമ്മെ ബോധ്യപ്പെടുത്തുന്നു. കാരണം ദൈവം മാത്രമാണ് സത്യവാൻ.

ഏതൊരു പുരുഷനായാലും സ്ത്രീയായാലും അവർക്കെല്ലാം ആവശ്യം ദൈവത്തിന്റെ വചനമാണ്. കാരണം മനുഷ്യനെ ആത്മിയമായി ജീവിപ്പിക്കുന്നത് ജീവനുള്ള വചനമാണ്. പാപം ചെയ്യുമ്പോൾ ആത്മാക്കൾ ആത്മിയമായി മരിക്കുന്നു. വചനം അനുസരിക്കുമ്പോൾ അവർ ആത്മിയമായി ജനിക്കുന്നു. അത് തെളിയിക്കപ്പെട്ടതും സ്ഥിരീകരിക്കപ്പെട്ടതുമാണ്. ദൈവഹിതം അവൻ തന്റെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. ദൈവത്തിന്റെ സ്വഭാവം മനുഷ്യരുടേതിൽനിന്നു വ്യത്യസ്തമാണ്. സത്യം വിശ്വസനീയമാണ് എന്ന കാര്യം ആരും നിഷേധിക്കുകയില്ല എന്ന് എനിക്ക് അറിയാം. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്ന് പ്രഖ്യാപിച്ച യേശു സത്യത്തിന് സാക്ഷി നില്ക്കേണ്ടതിനാണ് ഈ ഭൂമിയിൽ വന്നത്. സത്യം അറിയാതിരുന്ന ദൈവജനമായിരുന്ന യെഹൂദന്മാരോട് യേശുക്രിസ്തു പറഞ്ഞു, "സത്യം നിങ്ങൾ അറിയുകയും സത്യം

നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹന്നാൻ 8:32). സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളാതിരിക്കുന്നവർക്ക് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ അസംഖ്യമാണ്. അപ്പൊസ്തലനായ പൗലൊസ് മുന്നറിയിച്ചിരിക്കുന്നത് വായിക്കുക."അധർമ്മമൂർത്തിയുടെ പ്രത്യക്ഷത നശിച്ചുപോകുന്നവർക്ക് സാത്താന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം വ്യാജമായ സകല ശക്തിയോടും അടയാളങ്ങളോടും അത്ഭുതങ്ങളോടും അനീതിയുടെ സകല വഞ്ചനയോടും കൂടെ ആയിരിക്കും. അവർ സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നെ അങ്ങനെ ഭവിക്കും" (2 തെസ്സലൊനിക്യർ 2:9-12). മനുഷ്യരോടുള്ള ദൈവത്തിന്റെ ആഹ്വാനമാണ് ദൈവ വചനം. ആ സത്യം മനുഷ്യഹൃദയങ്ങളെ ശുദ്ധീകരിപ്പാൻ മതിയായതുമാണ്.

സത്യം ഒരിക്കലും മരിക്കുന്നില്ല. ആരെല്ലാം ഏതെല്ലാം വിധത്തിൽ സത്യത്തിനെതിരെ നീങ്ങിയാലും സത്യം ഇല്ലാതാകുന്നില്ല. സത്യത്തിന് കാലപ്പഴക്കമില്ല. നമുക്ക് സംഭവിച്ച പല സംഭവങ്ങളുടെയും നിജസ്ഥിതി ഇപ്പോൾ വെളിപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ. സത്യത്തെ അനീതി കൊണ്ടു തടുക്കുന്നവർ ഉണ്ടായിരിക്കാം. പക്ഷെ അധികനാൾ അങ്ങനെ ചെയ്തുകൊണ്ടിരിപ്പാൻ സാധ്യമല്ല. കാരണം ദൈവകോപം വരും തീർച്ച. ദൈവത്തിന്റെ സത്യത്തെ ലോകത്തുള്ള മതസംഘടനകളിലെ ആളുകൾ മറെച്ചുവെച്ചിരിക്കുകയാണ്. സത്യാന്വേഷികൾ ബൈബിൾ സത്യം കണ്ടെത്തിക്കൊണ്ടിരിക്കുന്നു. സത്യവിശ്വാസികൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സത്യം ഉയരാതിരിക്കുവാൻ സാത്താൻ ഏതെല്ലാം വിധത്തിൽ തന്ത്രങ്ങൾ ആവിഷ്ക്കരിക്കാമോ എന്നു നോക്കും. സത്യം എത്ര കാലം കഴിഞ്ഞാലും ശക്തിയോടെ പുറത്തുവരും എന്നത് ഉറപ്പാണ്. മനുഷ്യ രക്ഷക്ക് മറ്റൊരു മാർഗമില്ല. നിങ്ങൾക്കും എനിക്കും അത് അനുഭവമുള്ള കാര്യം തന്നെയാണ്. ആളുകൾ വിശ്വസിച്ചാലും ഇല്ലെങ്കിലും സത്യത്തിന് ഒരു മാറ്റവും സംഭവിക്കുകയില്ല.

സത്യത്തെ മാറ്റുവാൻ ശ്രമിക്കുന്നവരും അതിനെ കോട്ടിക്കളയുവാൻ ശ്രമിക്കുന്നവരും പരാജയപ്പെടുമെന്നല്ലാതെ സത്യം ഒരിക്കലും പരാജയപ്പെടുകയില്ല. സത്യം എന്നായാലും വിജയിക്കുക തന്നെ ചെയ്യും. അമാനുഷിക ശക്തി അടങ്ങുന്നതാണ് ദൈവിക സത്യം. ഇരു വായ്ത്തലയേറിയ വാളിനേക്കാൾ മൂർച്ചയേറിയതും

അത് അന്തരംഗത്തെ ശോധന ചെയ്യുവാൻ അസ്ഥിമജ്ജകളെ എല്ലാം തുളെച്ചു ചെല്ലുവാൻ ശക്തിയുള്ളതാണ് (എബ്രായർ 4:12). മനുഷ്യ ചിന്തകളെയും ജീവിതത്തെ തന്നെയും മാറ്റുവാൻ ശക്തിയുള്ള സത്യത്തെ വില കുറച്ചു കാണുവാൻ ആർക്ക് കഴിയും? ഒരു കെട്ടിടം ഉറപ്പോടെ നിൽക്കണമെങ്കിൽ അടിസ്ഥാനം ഉറപ്പുള്ളതായിരിക്കണം എന്ന് നമുക്ക് എല്ലാവർക്കും അറിയാം. ഒരു വ്യക്തിയുടെ ജീവിതം ഉറപ്പുള്ളതാകണമെങ്കിൽ അയാളിൽ സത്യം ഉണ്ടായിരിക്കണം. സത്യമില്ലാത്ത വ്യക്തികളുടെ സംസാരവും സ്വഭാവവും ജീവിത രീതിയും മാറിക്കൊണ്ടിരിക്കും.

സത്യത്തെ അവജ്ഞയോടെ കാണുന്നവരും സത്യത്തിനു വേണ്ടി മരിക്കുവാൻ തയ്യാറായവരേയും നമുക്ക് ബൈബിളിൽ കാണുവാൻ കഴിയും. ദുഷ്ടരാജാവായിരുന്ന യെഹോയാക്കിം ദൈവവചനത്തെ വെറുത്തവനും ദൈവത്തിന്റെ അരുളപ്പാടുകളെ നശിപ്പിക്കുവാൻ ശ്രമിച്ചവനുമായിരുന്നു (യിരെമ്യാവ് 36). സത്യദൈവഭക്തിക്കുവേണ്ടി ധീരമായ നിലപാടെടുത്ത പ്രവാചകനായിരുന്നു ഏലിയാവ്. തൻനിമിത്തം കുണ്ടറയിൽ അടക്കപ്പെട്ടു. ദുഷ്ടമനുഷ്യർ ദൈവപദ്ധതിയുടെ വിജയത്തിൽ അസൂയ പൂണ്ട് രക്ഷിതാവിനെ ക്രൂശിൽ തറെച്ചുകൊല്ലുവാൻ ഏൽപിച്ചു കൊടുത്തു. സത്യത്തെ കൈക്കൊള്ളുവാൻ ഭൂരിഭാഗം പേർക്കും കഴിഞ്ഞില്ല.

സകല വഞ്ചനയോടും വ്യാജത്തോടുംകൂടെയായിരിക്കും സാത്താൻ ആളുകളെ വശീകരിക്കുന്നത്. ഇടുങ്ങിയതും വിശാലവുമായ വഴിയാണ് ലോകത്തിലുള്ളത്. ഏത് വേണമെന്ന് ഓരോരുത്തരും തിരഞ്ഞെടുക്കണം. നീതിക്ക് വേണ്ടി പോരാടുവാൻ സത്യത്തെ മുറുകെ പിടിക്കുവാൻ നമുക്ക് ധൈര്യം ആവശ്യമാണ് (മത്തായി 7:12; ആമോസ് 5:15). സത്യത്താൽ പരിവർത്തനം ചെയ്യാത്തവർക്ക് ലോകത്തെ അതിജീവിക്കുവാൻ പ്രയാസമാണ്. സാമൂഹികമായ അംഗീകാരത്തേക്കാൾ ദൈവികമായ അംഗീകാരമാണ് നമ്മുടെ ഇച്ഛയെങ്കിൽ നാം സത്യത്തെ സ്നേഹിച്ചു സ്വീകരിക്കും. നാം സത്യത്തെ വിൽക്കുകയല്ല, വാങ്ങുകയാണ് വേണ്ടത്. എല്ലാ മനുഷ്യരും സത്യസുവിശേഷം മരണത്തോളം വിശ്വസ്തമായി പിടിച്ചുകൊള്ളണം. കാരണം അത് രക്ഷക്കുള്ളതാണ്.

✶

# സത്യാന്വേഷണം
## ബെറ്റി ബർട്ടൻ ചോട്ട്

കടയിൽനിന്നു വാങ്ങിക്കൊണ്ടുവന്ന പൊതി അന്ത്രയോസ് ആകാംക്ഷയോടെ തുറന്നു നോക്കി. ആ സമയത്ത് റാഹേലിനായി വാങ്ങിക്കൊണ്ടുവന്ന ബൈബിൾ കാണുവാൻ അവൾ ആഹ്ലാദത്തോടെ അടുത്തു വന്നു. അവളുടെ അമ്മ അവൾക്ക് ബാല്യത്തിൽ പറഞ്ഞുകൊടുത്ത ബൈബിൾ കഥകളെ അവൾ അപ്പോൾ ഓർത്തു. എന്നാൽ വളർന്നുകഴിഞ്ഞപ്പോൾ താൻ ആത്മിയകാര്യങ്ങളെ ത്യജിച്ചുകളഞ്ഞതിൽ അവൾക്ക് അതിയായ ദുഃഖം തോന്നി. ഏതെല്ലാം വിഷയങ്ങൾ ബൈബിളിൽ എവിടെയെല്ലാമാണ് കിടക്കുന്നതെന്ന് എളുപ്പത്തിൽ കണ്ടുപിടിക്കുവാൻ സഹായിക്കുന്ന ബൈബിൾ കൺകോഡൻസു കൂടെ കടക്കാരൻ വിലക്ക് തന്നു എന്ന് അന്ത്രയോസ് പറഞ്ഞു. ഉദാഹരണമായി പ്രധാനപ്പെട്ട ബൈബിൾ വിഷയങ്ങളായ സ്നേഹം, വിശ്വാസം, രക്ഷ, സഭ തുടങ്ങിയവ എളുപ്പത്തിൽ ബൈബിളിൽ പറഞ്ഞിരിക്കുന്നത് നമുക്ക് കണ്ടുപിടിക്കുവാൻ സഹായിക്കുന്ന പുസ്തകമാണ് അത്. "ഓ അത് വളരെ നന്നായി" എന്നു റാഹേൽ സന്തോഷത്തോടെ മറുപടി പറഞ്ഞു.

നമുക്ക് ബൈബിളിനെ കുറിച്ച് അധികം ഒന്നും അറിയാത്തതുകൊണ്ട് ഈ പുസ്തകം ഉപകാരപ്രദമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല എന്ന് അന്ത്രയോസും പ്രതിവചിച്ചു. കൂടാതെ വാക്യങ്ങൾ എങ്ങനെയെല്ലാം പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു എന്ന് അറിയുകയും ചെയ്യാം. ഇതിൽ ബൈബിളാണോ അതോ കൺകോഡൻസാണോ ആദ്യം നേക്കേണ്ടത് എന്ന പരിഭ്രമത്തിലായിരുന്നു റാഹേൽ. വൈകുന്നേരത്തെ ഭക്ഷണത്തിനു ശേഷം നമുക്ക് ഒരുമിച്ചിരുന്നു ബൈബിളിനെ പഴയനിയമമെന്നും പുതിയനിയമമെന്നും ഭാഗിച്ചിരിക്കുന്നതിനാൽ, പുതിയനിയമത്തിൽ ക്രിസ്തു നമ്മോട് ചെയ്യുവാൻ പറഞ്ഞിരിക്കുന്നത് ആദ്യം വായിച്ചു മനസിലാക്കാം എന്ന് അന്ത്രയോസ് പറഞ്ഞു. ഞാൻ ഭക്ഷണമെല്ലാം കഴിച്ചുകഴിഞ്ഞു എന്ന് തിമൊഥെയൊസ് പറഞ്ഞതിനർത്ഥം അവൻ ബൈബിൾ വായിക്കുവാൻ ഒരുങ്ങിക്കഴിഞ്ഞു എന്നാണ്. എല്ലാവരും ഭക്ഷണം കഴിക്കുന്നതുവരെ ഇത് ഞാൻ പിടിച്ചുകൊള്ളാം എന്ന് തിമൊഥെയൊസ് പറ

ഞ്ഞു. അത്താഴം കഴിഞ്ഞു അന്ത്രയോസും റാഹേലും കസേരക ളിൽ ഇരുന്നു. മേശപ്പുറത്ത് ബൈബിളും കൺകോഡൻസും നോട്ബുക്കും പേനയുമെല്ലാം എടുത്ത് വെച്ചു. ബൈബിൾ വായി ക്കുവാൻ തുടങ്ങുന്നതിന് മുൻപ് അന്ത്രയോസ് പ്രാർത്ഥിച്ചു. അവർ പഠിക്കുവാൻ പോകുന്ന വേദഭാഗങ്ങൾ മനസിലാക്കുവാൻ അവർക്ക് ദൈവസഹായം ആവശ്യമായിരുന്നു. പിന്നെ നിശബ്ദമായി ഓരോ രുത്തരും ബൈബിൾ വായിച്ചു. എന്നിട്ട് ഓരോരുത്തരും വായിച്ച തിൽനിന്നു മനസിലാക്കിയ ആശയങ്ങൾ പങ്കിട്ടു. ആർക്കെങ്കിലും ചോദ്യങ്ങളോ സംശയങ്ങളോ ഉണ്ടെങ്കിൽ അതും ചർച്ച ചെയ്യു വാൻ അവർ തീരുമാനിച്ചു.

യേശുക്രിസ്തു ദൈവപുത്രനാണെന്ന് നാമെല്ലാവരും വിശ്വസി ക്കയാൽ നമുക്ക് ഇനി രക്ഷയെ കുറിച്ചും സഭയെ കുറിച്ചും മനസി ലാക്കാം. എങ്ങനെ രക്ഷിക്കപ്പെടാമെന്നും മനസിലാക്കുന്നതല്ലേ കൂടു തൽ ഉത്തമം എന്ന് റാഹേൽ ചോദിച്ചു. അത് ശരിയാണെന്ന അർത്ഥ ത്തിൽ അന്ത്രയോസ് തല കുലുക്കി സമ്മതിച്ചു. ഇതിനിടയിൽ റാഹേൽ വായിച്ചുകൊണ്ടിരുന്നപ്പോൾ യോഹന്നാൻ സ്നാപകനെ കുറിച്ചുള്ള പരാമർശത്തിലെത്തി. ദൈവരാജ്യം ആസന്നമായിരി ക്കുന്നു എന്ന പ്രസ്താവന അവൾക്ക് മനസിലായില്ല, എന്താണ് ദൈവരാജ്യം എന്ന് റാഹേൽ തന്റെ ഭർത്താവിനോട് ചോദിച്ചു. ആ ചോദ്യം എഴുതിവെക്കുവാൻ അവൻ ആവശ്യപ്പെട്ടു, പിന്നെ അതിനെ കുറിച്ച് പ്രതിപാദിക്കുന്ന വാക്യങ്ങൾ ഓരോന്നായി പരിശോധിക്കു വാൻ തുടങ്ങി. യോഹന്നാൻ മാത്രമല്ല, സ്വർഗരാജ്യം സമീപിച്ചിരി ക്കയാൽ മാനസാന്തരപ്പെടുവിൻ എന്നു പറഞ്ഞുകൊണ്ടാണ് പ്രസം ഗിച്ചു തുടങ്ങിയത് (മത്തായി 4:17). യേശുക്രിസ്തു പ്രസംഗിച്ച വിഷ യമാകയാൽ ദൈവരാജ്യം പ്രാധാന്യമുള്ളതു തന്നെയായിരിക്കുമെന്ന് റാഹേൽ വിലയിരുത്തി.

യേശു രാജ്യത്തിന്റെ സുവിശേഷമാണ് പ്രസംഗിച്ചത് എന്ന് മത്തായി രേഖപ്പെടുത്തിയിരിക്കുന്നു. ദൈവരാജ്യത്തിൽ കാര്യങ്ങൾ എങ്ങനെയായിരിക്കുമെന്ന് അവൻ തന്റെ മലമ്പ്രസംഗത്തിൽ സൂചി പ്പിക്കയുണ്ടായി എന്നും മറ്റും മനസിലാക്കിയശേഷം അവൾ ദൈവ രാജ്യത്തെ കുറിച്ച് പ്രതിപാദിക്കുന്ന വാക്യങ്ങളെല്ലാം അടയാളപ്പെ ടുത്തി. ഒരു മനോഹരമായ വാഗ്ദാനം ഇവിടെ ഉണ്ടല്ലോ എന്ന്

അന്ത്രയോസ്. "ഇത് പറഞ്ഞിട്ട് അവൻ അവരോട്, എന്തു തിന്നും എന്തു കുടിക്കും എന്നു ശരീരത്തിനായി നാളെയെ കുറിച്ചു വിചാരപ്പെടേണ്ട. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്ക് ലഭിക്കും" (മത്തായി 6:33). ഇത്തരം പ്രേരണ നൽകുന്ന വേദഭാഗങ്ങൾ വളരെ വിലപ്പെട്ടതാണ്. കാരണം നാം അതുമൂലം നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുകയാണല്ലൊ എന്ന് പറഞ്ഞ് അവളുടെ ബൈബിളിൽ ആ വാക്യം അടയാളപ്പെടുത്തി. മത്തായി 7:13, 14 അർത്ഥമാക്കുന്നത് എന്തെന്ന് റാഹേൽ തന്റെ ഭർത്താവിനോട് ചോദിച്ചു. "ഇടുക്കുവാതിലൂടെ അകത്ത് കടപ്പിൻ; നാശത്തിലേക്ക് പോകുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും ആകുന്നു. അതിൽകൂടെ കടക്കുന്നവർ അനവധി ആകുന്നു. ജീവങ്കലേക്ക് പോകുന്ന വാതിൽ ഇടുക്കവും വഴി ഞെരുക്കവുമുള്ളത്; അത് കണ്ടെത്തുന്നവർ ചുരുക്കമത്രെ."

ക്രിസ്തു നമുക്കായി ഒരുക്കിയ വഴി ഞെരുക്കമുള്ളതാണ്. പക്ഷെ ലൗകികർ ഉണ്ടാക്കിയിരിക്കുന്ന വഴി വീതിയുള്ളതാണ്. എങ്ങനെയും ജീവിക്കാമെന്നതാണ് അതിന്റെ പ്രത്യേകത. പക്ഷെ അതിന്റെ അവസാനം നാശവും മരണവുമായിരിക്കും. അടുത്ത വാക്യം അവർ ശ്രദ്ധയോടെ വായിച്ചു, "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ; അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു; അകമെയോ കടിച്ചു കീറുന്ന ചെന്നായ്ക്കൾ ആകുന്നു" തെറ്റ് പഠിപ്പിക്കയും പ്രചരിപ്പിക്കയും ചെയ്യുന്ന എല്ലാവരെയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. യേശുവിന്റെ നാമത്തിൽ പലരും പലതും ചെയ്തു കേൾക്കുന്നുണ്ടല്ലൊ എന്നു റാഹേൽ സംശയം ഉന്നയിച്ചപ്പോൾ 22 ഉം 23 ഉം വാക്യങ്ങൾ വായിക്കാമെന്ന് അന്ത്രെയൊസ് പറഞ്ഞു, "എന്നോട് കർത്താവേ കർത്താവേ എന്നു പറയുന്ന ഏവനുമല്ല, സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗരാജ്യത്തിൽ കടക്കുന്നത്; കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും ചെയ്തില്ലയോ എന്ന് പറയുന്നവരോട്, നിങ്ങളെ ഒരുനാളും അറിയുന്നില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടുപോകുവിൻ എന്ന് അവരോട് തീർത്തു പറയും."

# എന്റെ നാളുകൾ എത്ര?

## ക്ലെം തർമാൻ

നിങ്ങളുടെ സമയത്തെ കുറിച്ച് നിങ്ങൾ ബോധവാനായിരിക്കാം. അതുകൊണ്ടാണല്ലോ നിത്യത സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന് ആരോ പറഞ്ഞിരിക്കുന്നു. അതിലെ വേദശാസ്ത്രത്തെ കുറിച്ച് നമുക്ക് വാദിക്കുവാൻ കഴിയും. എന്നാൽ ആ പ്രസ്താവനയിലെ ദൈവികമായ മൂല്യം നിഷേധിക്കുവാൻ ആർക്കും കഴിയുകയില്ല. ഏറ്റവും അമൂല്യമായ വസ്തുവാണ് സമയം. ദൈവം തരുന്നതിനാലാണ് നമുക്ക് അത് ഉപയോഗിക്കുവാൻ കഴിയുന്നത്. പകലും രാവും മാറി മാറി വരുന്നത് ദൈവം അങ്ങനെ രൂപപ്പെടുത്തിയിരിക്കയാലാണ്. കഴിഞ്ഞ കാലത്തിലെ ഒരു വർഷമോ, മാസമോ, ദിവസമോ, നിമിഷമോ ഉപയോഗിക്കുവാനായി തിരിച്ചു വരികയില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. സങ്കീർത്തന പുസ്തകത്തിൽ സങ്കീർത്തനക്കാരൻ രേഖപ്പെടുത്തിയിരിക്കുന്നത് നമുക്ക് പരിശോധിക്കാം.

“യഹോവേ, എന്റെ അവസാനത്തെയും എന്റെ ആയുസ് എത്ര എന്നതിനേയും എന്നെ അറിയിക്കേണമേ; ഞാൻ എത്ര ക്ഷണികൻ എന്ന് ഞാൻ അറിയുമാറാകട്ടെ; ഇതാ എന്റെ നാളുകൾ നീ നാലു വിരൽ നീളമാക്കിയിരിക്കുന്നു; എന്റെ ആയുസ് നിന്റെ മുമ്പിൽ ഏതുമില്ലാത്തതുപോലെയിരിക്കുന്നു. ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസമത്രെ” (സങ്കീർത്തനങ്ങൾ 39:4, 5). തന്റെ മരണം എങ്ങനെയായിരിക്കുമെന്ന് അറിയണമെന്നായിരുന്നില്ല ദാവീദിന്റെ അപേക്ഷ. പിന്നെയോ ജീവിതത്തിന്റെ അനിശ്ചിതത്വത്തെയും സംക്ഷേപത്തെയും കുറിച്ചായിരുന്നു അവൻ ചിന്തിച്ചത്. അനുഭവപ്പെടുന്ന സന്തോഷമായാലും സന്താപമായാലും അത് പെട്ടെന്ന് ഇല്ലാതാകും. വിവേകമുള്ള മനുഷ്യൻ സൗമ്യതയോടെ ചിന്തിക്കുമ്പോൾ മനസിലാകുന്ന കാര്യം ഇതാണ്. സമയം ശരിയായി ഉപയോഗിക്കുവാൻ ആളുകൾ കാലദൈർഘ്യം ആരായുന്നു. നാം എത്ര ചിന്തിച്ചാലും നമ്മുടെ ആയുസ് നീട്ടുവാനോ കുറക്കുവാനോ നാം വിചാരിച്ചാൽ സാധ്യമല്ല. എന്നാൽ ചില ആളുകൾ തങ്ങളുടെ ജീവൻ നശിപ്പിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്.

സൂര്യന് കീഴുള്ള സകലവും മായ ആയിട്ടാണ് ബുദ്ധിമാനായ

ശലോമോന് അനുഭവപ്പെട്ടത്. വളരെ വേഗത്തിലാണ് ദിവസങ്ങളും ആഴ്ച്ചകളും മാസങ്ങളും വർഷങ്ങളും കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. സമയം പറന്നു പോകുന്നതുപോലെയാണ് നമുക്ക് തോന്നുന്നത്. ആധുനിക കാലത്ത് മനുഷ്യർക്ക് ദിവസത്തിൽ ഇരുപത്തിനാല് മണിക്കൂർ കിട്ടിയിട്ട് പോരാ എന്ന ഭാവത്തിലാണ് ജീവിക്കുന്നത്. ഭാവിയെ കുറിച്ച് വീക്ഷിക്കുന്നവരെ ഭയപ്പെടുത്തുന്ന വേഗത്തിലാണ് കാലം നീങ്ങുന്നത്. ഒരു മൃദുശരീരമുള്ള ശിശുവിനെ നാം ആദ്യം കാണുന്നു. പിന്നെ വേഗത്തിൽ ബാല്യത്തിലേക്കും കൗമാരത്തിലേക്കും ദൃഢതയുള്ള യുവത്വത്തിലേക്ക് മാറുന്നു. ആത്മധൈര്യമില്ലാത്ത അവസ്ഥയിൽ നിന്നു ആത്മധൈര്യമുള്ള യുവത്വത്തിലേക്ക് കടക്കുന്നതിന് വലിയ താമസം നേരിടുന്നില്ല. ആരോഗ്യമുള്ള യുവത്വം കുറെ നാൾ കഴിയുമ്പോൾ നടക്കുവാൻ പ്രയാസമുള്ള വാർദ്ധക്യത്തിലേക്ക് പ്രവേശിക്കുന്നു. കാലം ഓരോ വ്യക്തിയിലും ക്ഷയിപ്പിക്കുന്ന മാറ്റമാണ് വരുത്തിക്കൊണ്ടിരിക്കുന്നത്.

നമുക്ക് സന്തോഷം നൽകിയ നാളുകൾ വെറും ഓർമ്മയായി അവശേഷിക്കുന്നു. ബഹുമതിക്കും പ്രതിഫലത്തിനുമായി ലോകത്തിലേക്ക് ഇറങ്ങുന്ന മനുഷ്യർ അവസാനം നിരാശാജനകമായ അവസ്ഥയിലേക്ക് കൂപ്പുകുത്തുന്നതായി കാണാം. മനുഷ്യജീവിതത്തിന്റെ അർത്ഥം മനസിലാക്കുവാൻ ശ്രമിച്ച മഹാന്മാർ പലരുണ്ടായിരുന്നു. ബുദ്ധിമാനായിരുന്നു ശലോമോൻ ദൈവത്തിൽനിന്ന് ജ്ഞാനവും വിവേകവും ലഭിച്ച വ്യക്തിയായിരുന്നു. അയാൾ ദൈവശ്വാസിയമായി പുസ്തകങ്ങളും രചിച്ചു. സഭാപ്രസംഗിയുടെ പുസ്തകത്തിൽ അവൻ ചില യാഥാർത്ഥ്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അത് വായിച്ചു മനസിലാക്കുന്നത് ഉചിതമായിരിക്കും. ::ആകാശത്തിൻ കീഴിൽ സംഭവിക്കുന്നതൊക്കെയും ജ്ഞാനത്തോടെ ആരാഞ്ഞറിയുവാൻ ഞാൻ മനസ് വെച്ചു; ഇതു ദൈവം മനുഷ്യർക്ക് കഷ്ടപ്പെടുവാൻ കൊടുത്ത വല്ലാത്ത കഷ്ടപ്പാട് തന്നെ. സൂര്യന്നു കീഴിൽ നടക്കുന്ന സകല പ്രവൃത്തികളും ഞാൻ കണ്ടിട്ടുണ്ട്; അവയൊക്കെയും മായയും വൃഥാ പ്രയത്നവും തന്നെ" (സഭാപ്രസംഗി 1:13, 14) ജീവിതത്തിൽ അനുഭവപ്പെടുന്ന സന്തോഷം, സുഖം, ചിരി, വീഞ്ഞ്, സ്ത്രീകൾ അവനും അവന്റെ ദാസന്മാരും ചെയ്ത പ്രവൃത്തികളും അവയുടെ ഫലങ്ങളും ശലോമോൻ പരിശോധിച്ചു.

ലോകത്തിൽ വിലപിടിപ്പുള്ള ലോഹങ്ങളെയും അവൻ വിലയിരുത്തി നോക്കിയിട്ട് അവൻ പറയുന്നു, "എല്ലാം മായയും വൃഥാ പ്രയത്നവും അത്രെ; സൂര്യന്റെ കീഴിൽ യാതൊരു ലാഭവുമില്ല എന്നു ഞാൻ കണ്ടു" (സഭാപ്രസംഗി 2:11). ലോകത്തിലെ ഏറ്റവും വലിയ ധനാഢ്യൻ, ജ്ഞാനി, പ്രസിദ്ധനായ രാജാവ് എന്നീ നിലയിൽ അറിയപ്പെട്ട ശലോമോൻ അവസാനം പറഞ്ഞത് എല്ലാം മായ എന്നാണ്. അതേ ലേഖകൻ ജീവിതത്തിന്റെ ലക്ഷ്യത്തെ വരച്ചു കാണിച്ചിരിക്കുന്നു "എല്ലാറ്റിന്റെയും സാരം കേൾക്കുക; ദൈവത്തെ ഭയപ്പെട്ട് അവന്റെ കൽപനകളെ പ്രമാണിക്ക;; അതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്" (സഭാപ്രസംഗി 12:13). ഈ ലോകത്തിന്റെ വ്യർത്ഥ വാഗ്ദാനങ്ങളെയും അവയിൽ ആശ്രയിക്കുന്നതിന്റെ മൗഢ്യതയെയും യേശു ഈ ഭൂമിയിലായിരുന്നപ്പോൾ മുന്നറിയിച്ചിരുന്നു. പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപങ്ങൾ സ്വരൂപിക്കരുത്"

നിക്ഷേപം സ്വർഗത്തിലാണെങ്കിൽ അത് സുരക്ഷിതമായിരിക്കും. അതിനായി ഏതൊരാളും മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിക്കണം (മത്തായി 6:33). ഭൗതികമായ കാര്യങ്ങൾക്കായി വ്യാകുലപ്പെട്ടുകൊണ്ടിരിക്കുന്നവർ ഈ വേദഭാഗം വാസ്തവത്തിൽ കാണുന്നില്ല, നിങ്ങൾക്കുള്ളതിനെ നോക്കി ജീവിതത്തെയും വിജയത്തെയും അളക്കുവാൻ ശ്രമിക്കുന്നത് തികച്ചും തെറ്റാണ്. സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞുകൊൾവിൻ; ഒരുത്തന്നു സമൃദ്ധിയുണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന്ന് ആധാരമായിരിക്കുന്നത് (ലൂക്കൊസ് 12:15). ഒരു മനുഷ്യൻ ഈ ലോകത്തിലേക്ക് വരുന്നത് ഒന്നും കൂടാതെയാണ്. ഇവിടെ നിന്നും പോകുന്നതും ഒന്നും കൂടാതെയാണ്. ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ അത് മതി എന്നു വിചാരിക്ക. ധനികന്മാരാകുവാൻ ഇച്ഛിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ ഒടുങ്ങി പോകുവാൻ ഇട വരുന്ന മൗഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായി തീരുകയും ചെയ്യുന്നു (1 തിമൊഥെയൊസ് 6:7-9).

അത്യാഗ്രഹവും ആഡംബരവുമാണ് ആളുകൾ ധനസമ്പാദ്യത്തി

ലേക്ക് തിരിയുവാൻ കാരണം. നാം ഉള്ളതുകൊണ്ട് തൃപ്തിപ്പെടുകയാണെങ്കിൽ ദൈവം നമ്മെ ഒരിക്കലും കൈവിടുകയോ ഉപേക്ഷിക്കുകയോ ഇല്ല. അവനവൻ ചെയ്യുന്ന പ്രവൃത്തിയുടെ അനന്തര ഫലം അനുഭവിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ജനങ്ങൾ പെരുകുന്തോറും പാപം വർദ്ധിച്ചു വരികയാണ്. അക്രമവും പിടിച്ചുപറിയും ഏറി വരികയാണ്. മോഹമാണ് ആളുകളെ പാപം ചെയ്യുവാൻ പ്രേരിപ്പിക്കുന്നത്. പാപമാണ് ആളുകളുടെ മനസിനേയും ശരീരത്തെയും ആത്മാവിനെയും നശിപ്പിക്കുന്നത്. പ്രതിവിധി ഒന്നേയുള്ളു. ദൈവ വചനത്തിലേക്ക് വിശ്വാസപൂർവ്വം തിരിഞ്ഞ് അവന്റെ പ്രമാണങ്ങൾ അനുസരിക്കുക. അതല്ലാതെ മറ്റെന്തു ചെയ്താലും ഫലമില്ല.

കാലാവസ്ഥ മാറിക്കൊണ്ടിരിക്കുന്നു. ആഗോളതാപം വർദ്ധിച്ചു വരുന്നതായി കാലാവസ്ഥാനിരീക്ഷകരും സമ്മതിക്കും. മഴക്കാലവും, മഞ്ഞും വേനലും മാറി മാറി നാം അനുഭവിക്കുന്നു. കർഷകർ വിത്തു വിതെക്കുകയും കാലമാകുമ്പോൾ വിളവെടുക്കുകയും ചെയ്യുന്നു. ഒരു കൃഷിക്കാരന്റെ വീട്ടിൽ ജനിച്ചു വളർന്നതുകൊണ്ട്, മനുഷ്യൻ വിതെക്കുന്നത് തന്നെയാണ് കൊയ്യുന്നത് എന്ന തത്വം ഞാൻ മനസിലാക്കിയിരുന്നു. പക്ഷെ അത് ജീവിതത്തിലും വാസ്തവമാണ്. ധാന്യം വിതെക്കേണ്ട സമയത്ത് സുഖഭോഗത്തിൽ മുഴുകി ജീവിച്ചാൽ കൊയ്യേണ്ട സമയത്ത് ഒന്നും കാണുകയില്ല. വഞ്ചനപ്പെടാതിരിപ്പിൻ ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും; ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽനിന്ന് നാശം കൊയ്യും; ആത്മാവിൽ വിതെക്കുന്നവൻ നിത്യജീവനെ കൊയ്യും (ഗലാത്യർ 6:7, 8). തെറ്റായ തീരുമാനങ്ങൾ എടുക്കുന്നവർ അനേകരാണ്. അതിന്റെ ഫലമാണ് അവർ അനുഭവിക്കുന്നത്.

ഇവർ കാറ്റു വിതെച്ചു കൊടുങ്കാറ്റു കൊയ്യുന്നു (ഹോശെയാ 8:7). കുറച്ചു മാത്രം വിതെച്ചിട്ട് നല്ല വിളവിനു വേണ്ടി പ്രാർത്ഥിച്ചിട്ട് എന്തു ഫലം? നല്ല പ്രവൃത്തി ചെയ്യുവാൻ കഴിയുന്നത് നല്ല ആലോചനയുടെ ഫലമായിട്ടാണ്. അതിന് നല്ല ഫലം കിട്ടും. നിങ്ങൾ പാപമോചനത്തിന് കർത്താവിന്റെ കൽപനകൾ അനുസരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ കർത്താവിന്റെ സഭയുമായി ബന്ധപ്പെടുക.

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!